ഉത്തരം

(എ&ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

വെണ്ണിക്കുളം-റാന്നി റോഡ് വികസനം

313 (1347) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെണ്ണിക്കുളം-റാന്നിറോഡ് ബി.എം&ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ : എത്ര തവണ ടെൻഡർ ചെയ്തു ; ഏതൊക്കെ തീയതികളിൽ ; എത്ര പേർ ടെൻഡറിൽ ഓരോ തവണയും പങ്കെടുത്തു ; ആർക്കാണ് ഈ പ്രവൃത്തി ലഭിച്ചിട്ടുള്ളത് ;

(ഡി) റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടും ഇതുവരെ ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തികരിച്ചാലാണ് നിർമ്മാണം ആരംഭിക്കാൻ കഴിയുക ;

(ഇ) റോഡ് നിർമ്മാണത്തിന് ഫണ്ടനുവദിച്ചതിനാൽ കഴിഞ്ഞ രണ്ട് വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണിപോലും നടത്താത്തതുമൂലം റോഡ്മുകർന്ന് കാൽനടയാത്രപോലും അസാധ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി ഒന്നുകിൽ റോഡിൽ അടിയന്തര അറ്റകുറ്റപ്പണിയോ അല്ലെങ്കിൽ ബി.എം&ബി.സി. നിലവാരത്തിലുള്ള റോഡ് വികസനമോ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വെണ്ണിക്കുളം-റാന്നി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 265 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 0/000 മുതൽ 5/000 കി.മീ. (5 കി.മീ)

LIBRARY ARCHIVES Kerala Legislative Assembly

(സി-എഫ്) പ്രവൃത്തി മൂന്ന തവണ ടെണ്ടർ ചെയ്തു. 2-8-2013- തീയതിയിലെ ടെണ്ടറിൽ 3 പേർ പങ്കെടുത്തു. ഇതിൽ 0.01% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സന്തോഷ് സെബാസ്റ്റ്യന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ടെണ്ടർ നിരസിച്ചതിന് എതിരായി ശ്രീ. പ്രസാദ് മാത്യു കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കാലയളവിൽ പ്രവൃത്തിയുടെ ഫേം പിരീഡ് അവസാനിച്ചതിനാൽ ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ പ്രവൃത്തി ചെയ്യുവാൻ വിസമ്മതിക്കുകയും ഉണ്ടായി. തുടർന്ന് രണ്ടാം പ്രാവശ്യം ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 17-7-2014-ൽ ഒരിക്കൽ കൂടി ദർഘാസ് ചെയ്യുവെങ്കിലും ആരും പ്രതികരിച്ചില്ല. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 63% അധിക നിരക്കിൽ ശ്രീ. പ്രസാദ് മാത്യു ക്വട്ടേഷൻ നൽകുകയും ആയത് സർക്കാർ ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽനിന്നും 32.5% ഉയർന്ന നിരക്കിൽ LMR അംഗീകരിക്കുവാനോ, റീ ടെണ്ടർ ചെയ്യുവാനോ തീരുമാനം ആകുകയും ഉണ്ടായി. റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും കോടതിയിൽ കേസ് തീർപ്പാക്കാനുള്ള കാലതാമസവും തുടർന്ന് ദർഘാസ് രണ്ടു പ്രാവശ്യവും ക്ഷണിച്ചിട്ട് കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടാകാത്തതും നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായി. ക്വട്ടേഷൻ തീരുമാനമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലത്തിന്റെ പുനർനിർമ്മാണം

314 (1348) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലം നിർമ്മാണത്തിന് എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും നിലവിൽ അപകടാവസ്ഥയിലുള്ളതുമായ പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പാലത്തിന്റെ പണി എപ്പോൾ ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly